## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5602    18.11.2019-ൽ മറുപടിക്ക്**

## പിറവം താലൂക്ക് ആശുപത്രിയിൽ ചികിത്സ നിഷേധിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ അനൂപ് ജേക്കബ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) 21.10.2019-ന് പിറവം താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി എത്തിയ സരോജിനി ഭാസ്കരൻ എന്ന രോഗിക്ക് ചികിത്സ നിഷേധിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് ചികിത്സ നിഷേധിച്ചത് എന്നും ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ ഇപ്രകാരമുള്ള നിലപാടെടുക്കാൻ ഇടയായ സാഹചര്യമെന്താണെന്നും വ്യക്തമാക്കാമോ; | (എ) എറണാകുളം പിറവം താലൂക്കാശുപത്രിയിലെ ഡോക്ടർക്കെതിരായി പിറവം മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഐഷാ മാധവൻ നൽകിയ പരാതി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് റീജിയണൽ വിജിലൻസ് യൂണിറ്റ് -2 നെ ചുമതലപ്പെടുത്തുകയും റീജിയണൽ വിജിലൻസ് യൂണിറ്റ് -2 30/10/2019, 31/10/2019, 05/11/2019 തീയതികളിൽ പിറവം നഗരസഭയിലും, എറണാകുളം ജില്ലാ മെഡിക്കൽ ആഫീസിലും വച്ച് തെളിവെടുപ്പ് നടത്തി 07/11/2019-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റീജിയണൽ വിജിലൻസ് യൂണിറ്റ് -2 ന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം 21/10/2019-ന് പിറവം താലൂക്കാശുപത്രിയിൽ ചികിത്സ തേടിയെത്തിയ സരോജിനി എന്ന രോഗിക്ക് ചികിത്സ നിഷേധിച്ചതായി കാണുന്നില്ല. 21/10/2019-ന് പിറവം താലൂക്കാശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ വൈകുന്നേരം 5.30-ന് അടിയന്തിര ചികിത്സ തേടിയ അത്യാസന്ന നിലയിലായ രോഗികൾക്ക് ചികിത്സ നൽകി കാഷ്വാലിറ്റി ഡ്യൂട്ടിയിൽ വ്യാപൃതയായിരുന്നു ഡോ. ആൻ വെൽനാ റോസാരിയോ. ഈ സമയം സരോജിനിയെന്ന രോഗിയെ ടി ആശുപത്രിയിലെ താല്ക്കാലിക സ്വീപ്പർ ഒബ്സർവേഷനിൽ എത്തിച്ച വിവരം നഴ്സിനെയോ ഡോക്ടറേയോ അറിയിച്ചിരുന്നില്ല. ആയതിനാൽ ടി ഡോക്ടറുടെ ഭാഗത്ത് മന:പൂർവ്വമായി വീഴ്ചയുണ്ടായതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ചികിത്സാ നിഷേധം ഉണ്ടായിട്ടില്ലെന്നും സരോജിനി എന്ന |

രോഗിയെ ബന്ധുക്കൾ മറ്റൊരു ആശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുപോയതായും ആണ് റീജിയണൽ വിജിലൻസ് യൂണിറ്റ് -2 ന്റെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്.

അത്യാഹിത വിഭാഗത്തിൽ അടിയന്തിര ചികിത്സ ആവശ്യമുള്ള രോഗിയെത്തുമ്പോൾ ഉടൻ തന്നെ അത് ഡോക്ടറെ അറിയിക്കേണ്ടത് ഡ്യൂട്ടി നഴ്സിന്റെ കർത്തവ്യമാണ്. എന്നാൽ, ഇവിടെ രോഗി എത്തിയത് ഡ്യൂട്ടി നഴ്സ് അറിഞ്ഞില്ല. രോഗിയെ ബെഡ്ഡിൽ എത്തിച്ച എച്ച്.എം.സി സ്റ്റാഫ് ആ വിവരം ഡ്യൂട്ടി നഴ്സിനെയോ, ഡോക്ടറെയോ അറിയിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ കർശനനടപടികൾ സ്വീകരിക്കാൻ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

| | |
|---|---|
| (ബി) ചികിത്സ നിഷേധിക്കപ്പെട്ട രോഗിയുടെ ബന്ധുക്കളുടെ ആവശ്യപ്രകാരം രോഗിയുടെ വാർഡ് കൗൺസിലർ പ്രസ്തുത വിവരം തിരക്കാൻ താലൂക്ക് ആശുപത്രിയിൽ എത്തിയിരുന്നോ; എങ്കിൽ കൗൺസിലർ ആവശ്യപ്പെട്ടതിനുശേഷവും ചികിത്സ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; ഡ്യൂട്ടി ഡോക്ടർ കൗൺസിലറോട് മോശമായി സംസാരിച്ചുവെന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | (ബി) വാർഡ് കൗൺസിലർ പ്രസ്തുത വിവരം തിരക്കാൻ ആശുപത്രിയിൽ എത്തിയിരുന്നു. വാർഡിൽ അത്യാസന്ന നിലയിലുള്ള രോഗിയെ പരിശോധിക്കുകയും, വേണ്ട ചികിത്സ നൽകുന്നതിൽ വ്യാപൃതയായ ഡോക്ടറെ, ബഹുമാന്യയായ മുനിസിപ്പൽ കൗൺസിലർ ശ്രീമതി ഐഷാ മാധവൻ, തന്റെ രോഗിയെ പരിശോധിക്കാൻ ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി എന്ന തെറ്റിദ്ധാരണയുടെ പുറത്ത് ശകാരിക്കുകയും ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതായും റീജിയണൽ വിജിലൻസ് യൂണിറ്റ് 2 റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഡ്യൂട്ടി ഡോക്ടർ കൗൺസിലറോട് ആക്രോശിക്കുകയോ മോശമായി സംസാരിക്കുകയോ ചെയ്തിട്ടില്ല എന്നും ഡോക്ടറുടെ ഭാഗത്തു വീഴ്ചകൾ യാതൊന്നും ഉണ്ടായിട്ടില്ല എന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. |

സെക്ഷൻ ഓഫീസർ.